**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4195** **28-10-2021 - ൽ മറുപടിയ്ക്ക്**

**നികുതി വെട്ടിപ്പ് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അതിർത്തി റോഡുകളിലൂടെയും മറ്റ് പ്രധാന റോഡുകളിലൂടെയും നികുതി വെട്ടിച്ച് സാധനങ്ങൾ കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ജി.എസ്.ടി വെട്ടിപ്പ് തടയുന്നതിനായി ഇന്റലിജൻസ് വിഭാഗം അതിർത്തി പ്രദേശങ്ങളിൽ പ്രത്യേക സർവൈലൻസ് സ്ക്വാഡുകൾ രൂപീകരിച്ച് വാഹന പരിശോധന നടത്തിവരുന്നു. കൂടാതെ വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനായി തിരുവനന്തപുരം - അമരവിള, പാലക്കാട് - വാളയാർ, കാസർഗോഡ്-ബംഗ്റമഞ്ചേശ്വരം എന്നിവിടങ്ങളിൽ കമാൻഡ് സെന്ററുകൾ സ്ഥാപിച്ച് ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിച്ചു നിരീക്ഷിച്ച് റോഡുകളിൽ സ്ക്വാഡുകളുടെ സജീവ സാന്നിധ്യം ഉറപ്പാക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. ഇത് കൂടാതെ ഒൻപത് ജില്ലകളിലായി ഇരുപത്തിമൂന്ന് സ്ഥലങ്ങളിൽ എ.എൻ.പി.ആർ (ആട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ) ക്യാമറകൾ സ്ഥാപിച്ച മതിയായ രേഖകൾ (ഇ-വേ ബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്കുവാഹനങ്ങളുടെ വിവരം തത്സമയം തന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിനു ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ അമരവിള, മൂലക്കോണം, പിരായുംമൂട്, വെള്ളറട, ഉച്ചക്കട, കൊല്ലം ജില്ലയിൽ ആര്യങ്കാവ്, ഇടുക്കി ജില്ലയിൽ കുമിളി, പാലക്കാട് ജില്ലയിൽ വാളയാർ, നടുപ്പുണി, വേലന്താവളം, മീനാക്ഷിപുരം, ഗോപാലപുരം, ഗോവിന്ദാപുരം, ഒഴലപ്പതി എന്നിവിടങ്ങളിലും മലപ്പുറം ജില്ലയിൽ വഴിക്കടവ് കോഴിക്കോട് ജില്ലയിൽ കുഞ്ഞിപ്പള്ളി, വയനാട് ജില്ലയിൽ മുത്തങ്ങ, തോൽപ്പെട്ടി, കണ്ണൂർ ജില്ലയിൽ കൂട്ടുപുഴ, ന്യൂമാഹി, കാസർഗോഡ് ജില്ലയിൽ ബംഗ്റ മഞ്ചേശ്വരം പെർള, ആദൂർ എന്നിവിടങ്ങളിലാണ് |

| | | | |
|---|---|---|---|
| | | | ഇവ സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ ടോൾ പ്ലാസകൾ വഴി കടന്നുപോകുന്ന ചരക്കുവാഹനങ്ങൾ ഫാസ്റ്റ് ടാഗ് മുഖേന രേഖപ്പെടുത്തുന്നത് ഇ-വേ ബില്ലുകളുടെ രേഖകളുടെ അടിസ്ഥാനത്തിൽ ഒത്തുനോക്കി നികുതി വെട്ടിപ്പിനുള്ള സാധ്യത കണ്ടെത്തുന്നതിനുള്ള സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ ഇ-വേ ബിൽ പോർട്ടലിൽ നിലവിൽ വന്നിട്ടുണ്ട്. മേൽ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ചരക്ക് നീക്കത്തിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ